**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1108** **09-10-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് വഴി സംസ്ഥാനത്ത് പൊതുവായി ഭരണാനുമതി നൽകിയ പദ്ധതികൾ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.<br><br>**1 ) <u>പുനർഗേഹം പദ്ധതി</u>**<br><br>വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന "പുനർഗേഹം" പദ്ധതിയിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ, ഹോസ്ദുർഗ്, പുഞ്ചാവി മത്സ്യഗ്രാമങ്ങളിലായി 64 പേരുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ച് പദ്ധതിയുടെ ഭാഗമായി. ആയതിൽ 16 പേരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവരുടെ ഭവന നിർമ്മാണം പുരോഗമിക്കുന്നു.<br><br>**<u>2) സമ്പാദ്യ സമാശ്വാസ പദ്ധതി</u>**<br><br>മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ ശീലം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യത്തൊഴിലാളികളും അനുബന്ധ മത്സ്യത്തൊഴിലാളികളും (സ്ത്രീകൾ) 2021-22 സാമ്പത്തിക വർഷം 1253 പേരും, 2022-23 സാമ്പത്തിക വർഷം 1030 പേരും, 2023-24 സാമ്പത്തിക വർഷം 1123 പേരും പദ്ധതിയിൽ അംഗമായിട്ടുണ്ട്. പദ്ധതി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.<br><br>**<u>3) മത്സ്യത്തൊഴിലാളികൾക്ക് ഇൻസു ലേറ്റഡ് ഐസ് ബോക്സ് വിതരണം</u>**<br><br>പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഐസ് ബോക്സ് വിതരണം |

പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 24 മത്സ്യത്തൊഴിലാളികളും, 2023-24 സാമ്പത്തിക വർഷം 11 മത്സ്യത്തൊഴിലാളികളും ഗുണഭോക്തൃ വിഹിതം ഒടുക്കി പദ്ധതിയിൽ അംഗമായിട്ടുണ്ട്. 2024-25 വർഷം 10 മത്സ്യത്തൊഴിലാളികളും പദ്ധതിയുടെ ഗുണഭോക്തൃവിഹിതമടച്ച് പദ്ധതിയുടെ ഭാഗമായിട്ടുണ്ട്.

**<u>4) പരമ്പരാഗത മത്സ്യത്തൊഴി ലാളികൾക്ക് ജി.പി.എസ്.നൽകുന്ന പദ്ധതി</u>**

പരമ്പരാഗത മത്സ്യതൊഴിലാളി കൾക്ക് കടൽ സുരക്ഷ ഉപകരണമായ GPS നൽകുന്ന പദ്ധതിയിൽ 2022 വർഷം 06 പേരും, 2023 വർഷം 02 പേരും, 2024 വർഷം 04 പേരും ഗുണഭോക്തൃ വിഹിതം അടച്ച് പദ്ധതിയുടെ ഭാഗമായിട്ടുണ്ട്.

**5)<u>പരമ്പരാഗത യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി</u>**

പരമ്പരാഗത യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 44 പേരും, 2023-24 (ON GOING) ൽ 64 പേരും ഗുണഭോക്തൃ വിഹിതം അടച്ച് പദ്ധതിയിൽ അംഗമായിട്ടുണ്ട്. 2024-25 വർഷത്തെ ഇൻഷ്വറൻസ് പദ്ധതി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

**6) <u>മത്സ്യകൃഷി</u>**

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനുമായി സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന (PMMSY) പദ്ധതികൾ പ്രകാരം 500 ഓളം മത്സ്യകർഷകർ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്.

**<u>7 ) തൊഴിൽതീരം പദ്ധതി</u>**

മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നുള്ള പ്ലസ് ടു – വോ അതിന് മുകളിലോ യോഗ്യതയുള്ള തൊഴിലന്വേഷകരായ മുഴുവൻ ആളുകളേയും Digital Workforce Management System (DWMS) ഫ്ലാറ്റ്ഫോമിന്റെ ഭാഗമാക്കികൊണ്ട് അവർക്ക് പരമാവധി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി നിലവിൽ പുരോഗമിച്ചു വരുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി അനുമതി ലഭിച്ച

പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പദ്ധതികൾ അനുബന്ധം II ആയി ചേർക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്ന

ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ മത്സ്യഫെഡ് മുഖേന നടപ്പിലാക്കിയതും, നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. **ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)**

മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി, പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ പിടിച്ച് കൊണ്ടുവരുന്ന മത്സ്യത്തിന് ന്യായ വില ഉറപ്പാക്കുവാൻ സംഘങ്ങൾ തീരദേശ ലേലം നടപ്പിലാക്കിവരുന്നു. മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ ലേല സമ്പ്രദായത്തിൽ കൊണ്ടുവരുന്നതിനുമായി ഐ.എഫ്.ഡി.പി പദ്ധതിയിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നൽകിവരുന്നു. കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 88 ഗുണഭോക്താക്കൾക്ക് 55.18 ലക്ഷം രൂപ വിതരണം ചെയ്തു.

2. **ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി)/ ദേശീയ**

**<u>ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ( എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ</u>**

(എ) <u>മൈക്രോഫിനാൻസ് വായ്പ</u>

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി-യുടെയും എൻ.എം.ഡി.എഫ്.സി.-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശനിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു. കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 361 ഗുണഭോക്താക്കൾക്കായി 70.75 ലക്ഷം രൂപ വിതരണം ചെയ്തു.

(ബി) <u>ടേം വായ്പകൾ</u>

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ നൽകി വരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ പലിശരഹിതമായി 3 വർഷ കാലാവധിയിൽ നൽകുന്നു. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് നൽകുന്ന വായ്പ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം കാലാവധിയിൽ വിതരണം ചെയ്തു വരുന്നു. കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു ഗുണഭോക്താവിനായി 1 ലക്ഷം രൂപ വിതരണം ചെയ്തു.

(സി) <u>മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി</u>

ഈ പദ്ധതി വഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യവായ്പ 10000/- രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ

നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 498 ഗുണഭോക്താക്കൾക്കായി 99.6 ലക്ഷം രൂപ വിതരണം ചെയ്തു.

**3. <u>വലകൾക്കുള്ള സബ്സിഡി പദ്ധതി</u>**

10 എച്ച്.പി-യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിയ്ക്ക് വലയുടെ വിലയുടെ 25% പരമാവധി 10,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു. കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 30 ഗുണഭോക്താക്കൾക്കായി 2.97 ലക്ഷം രൂപ വിതരണം ചെയ്തു.

**4. <u>നാടൻ വള്ളങ്ങളുടെ നവീകരണം</u>**

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി. യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം എഞ്ചിൻറെ വിലയുടെ 20% പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു. കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 7 ഗുണഭോക്താക്കൾക്കായി 1.7 ലക്ഷം രൂപ വിതരണം ചെയ്തു.

**5. <u>സഹകരണ സംഘങ്ങളുടെ ശാക്തീ കരണ പദ്ധതി</u>**

ഭരണ സമിതിയുള്ളതും പ്രവർത്തനക്ഷമത കുറഞ്ഞതുമായ സംഘങ്ങൾക്ക് വരുമാനം ഉറപ്പാക്കുന്നതിന് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി രൂപീകരിച്ച പ്രത്യേക ശാക്തീകരണ പദ്ധതിയാണിത് . മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നും വായ്പ നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിന് 2 ലക്ഷം രൂപ വിതരണം ചെയ്തു.

**6. <u>നിലവിലുള്ള പ്രാഥമിക മത്സ്യ ത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളെ (PFCS)</u>**

| | | | |
|---|---|---|---|
| | | | **<u>ഫിഷ് ഫാർമർ പ്രോഡ്യൂസർ ഓർഗനൈസേഷൻ (FFPO) ആയി ശാക്തീകരിക്കുന്ന പദ്ധതി</u>**<br><br>2024-25 വർഷത്തിൽ പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളെ (PFCS) ഫിഷ് ഫാർമർ പ്രോഡ്യൂസർ ഓർഗനൈസേഷൻ (FFPO) ആക്കി ശക്തിപ്പെടുത്തുന്നതിനായി കാഞ്ഞങ്ങാട് മണ്ഡലത്തിലെ തൈക്കടപ്പുറം, തൈക്കടപ്പുറം -പൂഞ്ചാവി, ഹോസ്-ദുർഗ്ഗ് പള്ളിക്കര എന്നീ മൂന്ന് സഹകരണ സംഘങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം Managerial cost ആയി പരമാവധി 5 ലക്ഷം രൂപയും Equity grant ആയി 10 ലക്ഷം രൂപയും ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ (എൻ.സി.ഡി.സി) നിന്നും ഗ്രാൻറായി സംഘങ്ങൾക്ക് ലഭിക്കുന്നു.<br><br>**7. <u>സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണ പദ്ധതി</u>**<br><br>കാഞ്ഞങ്ങാട് മണ്ഡലത്തിൽ 307 മത്സ്യത്തൊഴിലാളികൾക്ക് 26.62 ലക്ഷം രൂപ മണ്ണെണ്ണ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഓരോ പ്രവൃത്തിയുടെയും പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് വഴി സംസ്ഥാനത്ത് പൊതുവായി ഭരണാനുമതി നൽകിയ പദ്ധതികൾ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. ആയതിന്റെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു.<br><br>**1 ) <u>പുനർഗേഹം പദ്ധതി</u>**<br><br>വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന "പുനർഗേഹം" പദ്ധതിയിൽ കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ, ഹോസ്ദുർഗ്, പുഞ്ചാവി മത്സ്യഗ്രാമങ്ങളിലായി 64 പേരുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ച് പദ്ധതിയുടെ ഭാഗമായി. ആയതിൽ 16 പേരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവരുടെ ഭവന നിർമ്മാണം പുരോഗമിക്കുന്നു.<br><br>**<u>സമ്പാദ്യ സമാശ്വാസ പദ്ധതി</u>**<br><br>മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ ശീലം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ |

മത്സ്യത്തൊഴിലാളികളും അനുബന്ധ മത്സ്യത്തൊഴിലാളികളും (സ്ത്രീകൾ) 2021-22 സാമ്പത്തിക വർഷം 1253 പേരും, 2022-23 സാമ്പത്തിക വർഷം 1030 പേരും, 2023-24 സാമ്പത്തിക വർഷം 1123 പേരും പദ്ധതിയിൽ അംഗമായിട്ടുണ്ട്. പദ്ധതി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

**3) മത്സ്യത്തൊഴിലാളികൾക്ക് ഇൻസു ലേറ്റഡ് ഐസ് ബോക്സ് വിതരണം**

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഐസ് ബോക്സ് വിതരണം പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 24 മത്സ്യത്തൊഴിലാളികളും, 2023-24 സാമ്പത്തിക വർഷം 11 മത്സ്യത്തൊഴിലാളികളും ഗുണഭോക്തൃ വിഹിതം ഒടുക്കി പദ്ധതിയിൽ അംഗമായിട്ടുണ്ട്. 2024-25 വർഷം 10 മത്സ്യത്തൊഴിലാളികളും പദ്ധതിയുടെ ഗുണഭോക്തൃവിഹിതമടച്ച് പദ്ധതിയുടെ ഭാഗമായിട്ടുണ്ട്.

**4) പരമ്പരാഗത മത്സ്യത്തൊഴി ലാളികൾക്ക് ജി.പി.എസ്.നൽകുന്ന പദ്ധതി**

പരമ്പരാഗത മത്സ്യതൊഴിലാളി കൾക്ക് കടൽ സുരക്ഷ ഉപകരണമായ GPS നൽകുന്ന പദ്ധതിയിൽ 2022 വർഷം 06 പേരും, 2023 വർഷം 02 പേരും, 2024 വർഷം 04 പേരും ഗുണഭോക്തൃ വിഹിതം അടച്ച് പദ്ധതിയുടെ ഭാഗമായിട്ടുണ്ട്.

**5)പരമ്പരാഗത യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി**

പരമ്പരാഗത യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷം 44 പേരും, 2023-24 (ON GOING) ൽ 64 പേരും ഗുണഭോക്തൃ വിഹിതം അടച്ച് പദ്ധതിയിൽ അംഗമായിട്ടുണ്ട്. 2024-25 വർഷത്തെ ഇൻഷ്വറൻസ് പദ്ധതി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

**6) മത്സ്യകൃഷി**

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, ഉൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനുമായി സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന (PMMSY) പദ്ധതികൾ പ്രകാരം 500 ഓളം മത്സ്യകർഷകർ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്.

**7 ) തൊഴിൽതീരം പദ്ധതി**

മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നുള്ള പ്ലസ് ടു – വോ അതിന് മുകളിലോ യോഗ്യതയുള്ള തൊഴിലന്വേഷകരായ മുഴുവൻ ആളുകളേയും Digital Workforce Management System (DWMS) ഫ്ലാറ്റ്ഫോമിന്റെ ഭാഗമാക്കികൊണ്ട് അവർക്ക് പരമാവധി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി നിലവിൽ പുരോഗമിച്ചു വരുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പദ്ധതികൾ അനുബന്ധം II ആയി ചേർക്കുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്ന

ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ മത്സ്യഫെഡ് മുഖേന നടപ്പിലാക്കിയതും, നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. <u>ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)</u>**

മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി, പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ പിടിച്ച് കൊണ്ടുവരുന്ന മത്സ്യത്തിന് ന്യായ വില ഉറപ്പാക്കുവാൻ സംഘങ്ങൾ തീരദേശ ലേലം നടപ്പിലാക്കിവരുന്നു. മത്സ്യലേലം

ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ ലേല സമ്പ്രദായത്തിൽ കൊണ്ടുവരുന്നതിനുമായി ഐ.എഫ്.ഡി.പി പദ്ധതിയിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നൽകിവരുന്നു. കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 88 ഗുണഭോക്താക്കൾക്ക് 55.18 ലക്ഷം രൂപ വിതരണം ചെയ്തു.

2. **<u>ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി)/ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ( എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ</u>**

(എ) <u>മൈക്രോഫിനാൻസ് വായ്പ</u>

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി-യുടെയും എൻ.എം.ഡി.എഫ്.സി.-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശനിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു. കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 361 ഗുണഭോക്താക്കൾക്കായി 70.75 ലക്ഷം രൂപ വിതരണം ചെയ്തു.

(ബി) <u>ടേം വായ്പകൾ</u>

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ നൽകി വരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ പലിശരഹിതമായി 3 വർഷ കാലാവധിയിൽ നൽകുന്നു. സ്വയംതൊഴിൽ സംരംഭങ്ങൾക്ക് നൽകുന്ന വായ്പ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം കാലാവധിയിൽ വിതരണം ചെയ്തു വരുന്നു. കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു ഗുണഭോക്താവിനായി 1 ലക്ഷം രൂപ വിതരണം ചെയ്തു.

(സി) <u>മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി</u>

ഈ പദ്ധതി വഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യവായ്പ 10000/- രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 498 ഗുണഭോക്താക്കൾക്കായി 99.6 ലക്ഷം രൂപ വിതരണം ചെയ്തു.

**3. <u>വലകൾക്കുള്ള സബ്സിഡി പദ്ധതി</u>**

10 എച്ച്.പി-യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിയ്ക്ക് വലയുടെ വിലയുടെ 25% പരമാവധി 10,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു. കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 30 ഗുണഭോക്താക്കൾക്കായി 2.97 ലക്ഷം രൂപ വിതരണം ചെയ്തു.

**4. <u>നാടൻ വള്ളങ്ങളുടെ നവീകരണം</u>**

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി. യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം എഞ്ചിൻറെ വിലയുടെ 20% പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു. കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 7 ഗുണഭോക്താക്കൾക്കായി 1.7 ലക്ഷം രൂപ വിതരണം ചെയ്തു.

**5. <u>സഹകരണ സംഘങ്ങളുടെ ശാക്തീ കരണ പദ്ധതി</u>**

ഭരണ സമിതിയുള്ളതും പ്രവർത്തനക്ഷമത കുറഞ്ഞതുമായ സംഘങ്ങൾക്ക് വരുമാനം ഉറപ്പാക്കുന്നതിന് ഉതകുന്ന പദ്ധതികൾ

നടപ്പിലാക്കുന്നതിന് വേണ്ടി രൂപീകരിച്ച പ്രത്യേക ശാക്തീകരണ പദ്ധതിയാണിത് . മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നും വായ്പ നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിന് 2 ലക്ഷം രൂപ വിതരണം ചെയ്തു.

**6. <u>നിലവിലുള്ള പ്രാഥമിക മത്സ്യ ത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളെ (PFCS) ഫിഷ് ഫാർമർ പ്രോഡ്യൂസർ ഓർഗനൈസേഷൻ (FFPO) ആയി ശാക്തീകരിക്കുന്ന പദ്ധതി</u>**

2024-25 വർഷത്തിൽ പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെട്ടുത്തി നിലവിലുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളെ (PFCS) ഫിഷ് ഫാർമർ പ്രോഡ്യൂസർ ഓർഗനൈസേഷൻ (FFPO) ആക്കി ശക്തിപ്പെടുത്തുന്നതിനായി കാഞ്ഞങ്ങാട് മണ്ഡലത്തിലെ തൈക്കടപ്പുറം, തൈക്കടപ്പുറം -പൂഞ്ചാവി, ഹോസ്-ദുർഗ്ഗ് പള്ളിക്കര എന്നീ മൂന്ന് സഹകരണ സംഘങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം Managerial cost ആയി പരമാവധി 5 ലക്ഷം രൂപയും Equity grant ആയി 10 ലക്ഷം രൂപയും ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ (എൻ.സി.ഡി.സി) നിന്നും ഗ്രാൻറായി സംഘങ്ങൾക്ക് ലഭിക്കുന്നു.

**7. <u>സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണ പദ്ധതി</u>**

കാഞ്ഞങ്ങാട് മണ്ഡലത്തിൽ 307 മത്സ്യത്തൊഴിലാളികൾക്ക് 26.62 ലക്ഷം രൂപ മണ്ണെണ്ണ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം-1</u>**

**<u>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ</u>**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ജി.ആർ.എഫ്.ടി. എച്ച്.എസ്. കാഞ്ഞങ്ങാട്, കാസർഗോഡ് – പുനരുദ്ധാരണം | 4.30 | പദ്ധതി പൂർത്തീകരിച്ചു |
| 2 | കിഫ്ബി ധനസഹായത്തോടെയുള്ള കാഞ്ഞങ്ങാട് മത്സ്യമാർക്കറ്റ് | 301.00 | കാഞ്ഞങ്ങാട് മത്സ്യമാർക്കറ്റ് നവീകരണത്തിന് 249.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. DSR 2018 നിലവിൽ വന്നപ്പോൾ 301.00 ലക്ഷം രൂപയുടെ പുതുക്കിയ ഫണ്ടിംഗ് അനുമതി നൽകി. പദ്ധതി നിർവ്വഹണ സ്ഥലം അനുയോജ്യമല്ലാത്തതായതിനാൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടന്ന തീരസദസ്സിൽ കാഞ്ഞങ്ങാട് മത്സ്യമാർക്കറ്റ് സംബന്ധിച്ച നടപടി കൗൺസിൽ തീരുമാനിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ അറിയിക്കണമെന്ന് കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. ആയതനുസരിച്ച് നിലവിലുള്ള കോട്ടച്ചേരി ഫിഷ് മാർക്കറ്റിന്റെ കെട്ടിടം പഴകിയതിനാൽ ആയത് ആധുനികവത്ക്കരിക്കുന്നതിന് മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. ആയതനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നു. പദ്ധതി സ്ഥലം മാറ്റേണ്ടി വന്നതിനാൽ ആയതിന് കിഫ്ബി അംഗീകാരം വേണ്ടതായിട്ടുണ്ട്. |

## അനുബന്ധം -2

**ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ**

| ക്രമ നം | വർഷം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | പ്രവൃത്തി പുരോഗതി |
|---|---|---|---|---|
| 1 | 2021-22 | ഫ്രണ്ട്സ് ക്ലബ് റോഡ് | 49.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | | ഇക്ബാൽ എച്ച്.എസ്.എസ് പുളിക്കൽ അമ്പലം റോഡ് റീ-ടാറിംഗ് | 41.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | | കാറ്റാടി ജംഗ്ഷൻ കൊതിക്കാൽ റോഡ് - റീ-ടാറിംഗ് | 7.60 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | | ചേറ്റുകുണ്ട് - ചിത്താരി കടപ്പുറം അഴിമുഖം റോഡ് റീ ടാറിംഗ് | 35.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | 2022-23 | ഇക്ബാൽ എച്ച്.എസ്.എസ് അടിമേൽ - ടെമ്പിൾ - റെയിൽവേ ട്രാക്ക് റോഡ് - കോൺക്രീറ്റ് റോഡ് നവീകരണം | 114.80 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | 2023-24 | കൺസ്ട്രക്ഷൻ ഓഫ് പ്രൊട്ടക്ഷൻ വാൾ നീയർ ക്രോസ്സ് ഡ്രെയിനേജ് എന്റ് നീയർ ബെല്ലാ കടപ്പുറം | 32.60 | റീടെണ്ടർ ചെയ്തിട്ടും ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ മൺസൂണിന് ശേഷം ഷോർലൈൻ പരിശോധിച്ച് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 7 | | അജാനൂർ പി.എച്ച് സി-ക്കും ബെല്ലാകടപ്പുറത്തിന് ഇടയിലുള്ള ഡ്രെയിനേജും റോഡും പ്രവൃത്തി | 50.00 | പ്രവൃത്തി എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ച് അറേഞ്ച് ചെയ്തിട്ടുണ്ട്. എന്നാൽ മൺസൂൺ മൂലവും പഞ്ചായത്തിൽ നിന്ന് Consent ലഭ്യമാവാത്തതിനാലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| 8 | | കൊവ്വൽപളളി കല്ലംചിറ റോഡ് | 50.00 | പ്രവൃത്തി എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ച് അറേഞ്ച് ചെയ്തിട്ടുണ്ട്. എന്നാൽ മൺസൂൺ മൂലം വെള്ളക്കെട്ട് ഉണ്ടായതിനാൽ പ്രവൃത്തി തുടങ്ങിയിട്ടില്ല. |
| 9 | | പടന്ന കടപ്പുറം ഒഴിഞ്ഞവളപ്പ് കടപ്പുറം റോഡ് | 50.00 | നിലവിൽ 40% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് Clearance-നായി Forest Department -നും ഇലക്ട്രിക്ക് പോസ്റ്റ് മാറ്റാനായി KSEB-ക്കും കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമായ ശേഷം സൈറ്റ് Clear ചെയ്ത് പ്രവൃത്തി തുടങ്ങും. |
| 10 | 2024-25 | ഞാണിക്കടവ് പുഞ്ചാവി എം.എൽ.എ റോഡ് | | ഭരണാനുമതിക്കായി 22.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 25/08/2024-തീയതിയിൽ HECE/571/2024-D9 നമ്പറായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

| | | | | |
|---|---|---|---|---|
| 11 | | മുട്ടംതല മഠപ്പുര – കൊളവയൽ കുണ്ടുകണ്ടം റോഡ് | | ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി സൈറ്റ് പരിശോധിച്ചപ്പോൾ ഏകദേശം 90 മീറ്റർ റോഡ് നെൽ വയലിൽ കൂടെ നിർമ്മിക്കേണ്ടതായി വരുന്നു. ആയതിനുള്ള അനുമതി ലഭ്യമാകുന്ന മുറക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. |
| 12 | | പച്ച പണ്ടാരം (കല്ലുരാവി) – പഴയ കടപ്പുറം റോഡ് | | ഭരണാനുമതിക്കായി 58.80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 20/09/2024–തീയതിയിൽ HECE/571/2024-D9 നമ്പറായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

| | | | | |
|---|---|---|---|---|
| 13 | | കൊവ്വൽ പള്ളി ബ്രദേഴ്സ് ക്ലബ്ബ് റോഡ് | 75.00 | 28/09/2024- ൽ സർക്കാരിൽ നിന്ന് ഭരണാനുമതി ലഭിച്ചത് പ്രകാരം സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചു വരുന്നു. |